Kerala Gazette No. 48 dated 6th December 1983
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 11581/എൽഎ4എ/83. തിരുവനന്തപുരം, 1983 നവംബർ 26.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 67-ാം ചട്ടപ്രകാരം 1983-ലെ അബ്കാരി (ഭേദഗതി) ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും, ധനകാര്യമെമ്മോറാണ്ഡത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

1983-ലെ അബ്കാരി (ഭേദഗതി) ബിൽ

1077-ലെ I-ാം അബ്കാരി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—താഴെക്കാണുന്ന ആവശ്യങ്ങൾക്കായി 1077-ലെ I-ാം അബ്കാരി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ അബ്കാരി (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഇത് 1983 നവംബർ 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 57-ാം വകുപ്പിന്റെ ഭേദഗതി.—1077-ലെ I-ാം അബ്കാരി ആക്റ്റ് 57-ാം വകുപ്പിൽ (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) (എ) എന്ന ഖണ്ഡത്തിൽ,—

(i) "ഏതെങ്കിലും വിഷമുള്ള ഔഷധം" എന്ന വാക്കുകൾക്കു പകരം "വിഷമുള്ള ഔഷധം അല്ലാത്തുള്ള ഏതെങ്കിലും ഔഷധം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "നിരോധിച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥം" എന്ന വാക്കുകൾക്കുശേഷം, "(വിഷമുള്ളതാണെന്ന് സർക്കാർ കരുതുന്ന ഒരു പദാർത്ഥമല്ലാതെയുള്ള)" എന്ന വാക്കുകളും ബ്രാക്കറ്റുകളും കൂട്ടി ചേർക്കേണ്ടതാണ്;

3. 57 എ, 57 ബി, എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 57-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പുകൾ കൂട്ടി ചേർക്കേണ്ടതാണ്, അതായത് :—

"57 എ. മദ്യത്തിലോ ലഹരിയുണ്ടാക്കുന്ന ഔഷധത്തിലോ വിഷമുള്ള പദാർത്ഥങ്ങൾ മുതലായവ കൊണ്ട് മായം ചേർക്കൽ.—(1) ഏതെങ്കിലും വിഷമുള്ള പദാർത്ഥമോ മനുഷ്യജീവനെ അപകടത്തിലാക്കാവുന്നതോ മനുഷ്യർക്ക് കഠിനമായ ദേഹോപദ്രവത്തിന് കാരണമായേക്കാവുന്നതോ ആയ ഏതെങ്കിലും പദാർത്ഥമോ, ഏതെങ്കിലും മദ്യത്തിലോ ലഹരി പിടിപ്പിക്കുന്ന ഔഷധത്തിലോ കൂട്ടിക്കലർത്തുകയോ അഥവാ കൂട്ടിക്കലർത്താൻ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയും, കുറ്റസ്ഥാപനമായാൽ—

(i) അങ്ങനെയുള്ള പ്രവൃത്തിയുടെ ഫലമായി ഏതെങ്കിലും വ്യക്തിക്ക് കഠിനമായ ദേഹോപദ്രവത്തിന് ഇടയായിട്ടുണ്ടെങ്കിൽ, രണ്ടു

വർഷത്തിൽ കുറയാതെയും എന്നാൽ ജീവപര്യന്തത്തോളം ആകാവുന്നതുമായ തടവിനും അൻപതിനായിരം രൂപവരെ വരാവുന്ന പിഴയ്ക്കും;

(ii) അങ്ങനെയുള്ള പ്രവൃത്തിയുടെ ഫലമായി ഏതെങ്കിലും വ്യക്തിയ്ക്ക് മരണം സംഭവിച്ചിട്ടുണ്ടെങ്കിൽ, വധശിക്ഷയോ, മൂന്നു വർഷത്തിൽ കുറയാതെയുള്ളതും എന്നാൽ ജീവപര്യന്തത്തോളം ആകാവുന്നതുമായ തടവിനും അൻപതിനായിരം രൂപ വരെ വരാവുന്ന പിഴയ്ക്കും;

(iii) മറ്റേതൊരു സംഗതിയിലും, ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ പത്തുവർഷംവരെ വരാവുന്നതുമായ തടവിനും ഇരുപത്തയ്യായിരം രൂപവരെ വരാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.

വിശദീകരണം.—"കഠിനമായ ദേഹോപദ്രവം" എന്ന പ്രയോഗത്തിന് ഈ വകുപ്പിന്റെയും, 57 ബി വകുപ്പിന്റെയും ആവശ്യങ്ങൾക്കു വേണ്ടി 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 320-ാം വകുപ്പിലെ അതേ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും വിഷമുള്ള പദാർത്ഥമോ, മനുഷ്യജീവനെ അപകടത്തിലാക്കിയേക്കാവുന്നതോ അഥവാ മനുഷ്യർക്ക് കഠിനമായ ദേഹോപദ്രവമുണ്ടാക്കാൻ കാരണമാകുന്നതോ ആയ ഏതെങ്കിലും പദാർത്ഥമോ, ഏതെങ്കിലും മദ്യത്തിലോ ലഹരി പിടിപ്പിക്കുന്ന ഔഷധത്തിലോ കലർത്തുന്നത് തടയുന്നതിന ന്യായമായ മുൻകരുതൽ എടുക്കാൻ ഉപേക്ഷ കാണിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ,—

(i) അങ്ങനെയുള്ള ഉപേക്ഷയുടെ ഫലമായി ഏതെങ്കിലും വ്യക്തിയ്ക്ക് കഠിനമായ ദേഹോപദ്രവം ഉണ്ടാക്കുകയാണെങ്കിൽ രണ്ടു വർഷത്തിൽ കുറയാതെയും എന്നാൽ ജീവപര്യന്തംവരെ വരാവുന്നതും ആയ തടവിനും അൻപതിനായിരം രൂപ വരെ വരാവുന്ന പിഴയ്ക്കും;

(ii) അങ്ങനെയുള്ള ഉപേക്ഷയുടെ ഫലമായി, ഏതെങ്കിലും വ്യക്തിയ്ക്ക് മരണം സംഭവിക്കുകയാണെങ്കിൽ, മൂന്നു വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെ വരാവുന്നതും ആയ തടവിനും അൻപതിനായിരം രൂപവരെ വരാവുന്ന പിഴയ്ക്കും;

(iii) മറ്റേതൊരു സംഗതിയിലും, ഒരു വർഷത്തിൽ കുറയാതെയും എന്നാൽ പത്തുവർഷം വരെ വരാവുന്നതും ആയ തടവിനും ഇരുപത്തയ്യായിരം രൂപവരെ വരാവുന്ന പിഴയ്ക്കും

ശിക്ഷിക്കപ്പെടുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പദാർത്ഥം കൂട്ടിക്കലർത്തിയ ഏതെങ്കിലും മദ്യമോ ലഹരി പിടിപ്പിക്കുന്ന ഔഷധമോ, അങ്ങനെയുള്ള മദ്യത്തിലോ ലഹരി പിടിപ്പിക്കുന്ന ഔഷധത്തിലോ, അങ്ങനെയുള്ള പദാർത്ഥം ചേർത്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് കൈവശം വയ്ക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷത്തിൽ കുറയാതെയും എന്നാൽ പത്തു വർഷംവരെ വരാവുന്നതുമായ തടവിനും ഇരുപത്തയ്യായിരം രൂപവരെ വരാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.

(4) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) (1)-ാം ഉപവകുപ്പോ അഥവാ (2)-ാം ഉപവകുപ്പോ അഥവാ (3)-ാം ഉപവകുപ്പോ പ്രകാരം കുറ്റം ആരോപിക്കപ്പെടുകയോ അഥവാ കുറ്റം സ്ഥാപിക്കപ്പെടുകയോ ചെയ്യപ്പെട്ട

ആരെയാണോ അയാളെയും, അയാൾ കസ്റ്റഡിയിലല്ലെങ്കിൽ ജാമ്യത്തിലോ അഥവാ അയാളുടെ സ്വന്തബോണ്ടിൻമേലോ—

(എ) അങ്ങനെ വിട്ടയയ്ക്കുന്നതിനുള്ള അപേക്ഷയെ എതിർക്കാൻ പ്രോസിക്യൂഷന് അവസരം നൽകുകയും,

(ബി) അപേക്ഷയെ പ്രോസിക്യൂഷൻ എതിർക്കുന്നിടത്ത്, അങ്ങനെയുള്ള കുററത്തിന് അയാൾ കുററക്കാരനല്ലെന്ന് വിശ്വസിക്കാൻ മതിയായ കാരണങ്ങൾ ഉണ്ടെന്ന് കോടതിയ്ക്ക് ബോദ്ധ്യപ്പെടുകയും ചെയ്യാത്തപക്ഷം വിട്ടയയ്ക്കാൻപാടുള്ളതല്ല.

(5) 1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റിൽ (1872-ലെ 1) എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) (1)-ാം ഉപവകുപ്പോ അഥവാ (2)-ാം ഉപവകുപ്പോ പ്രകാരമുള്ള ഒരു കുററത്തിന് ഒരു വ്യക്തിയെ പ്രോസിക്യൂട്ടു ചെയ്യുന്നപക്ഷം, ആ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥം ഏതെങ്കിലും മദ്യവുമായിട്ടോ ലഹരിപിടിപ്പിക്കുന്ന ഔഷധവുമായിട്ടോ അയാൾ കലർത്തിയിട്ടില്ലെന്നോ അഥവാ കലർത്താൻ അനുവദിച്ചിട്ടില്ലെന്നോ അഥവാ, തത്തുസംഗതിപോലെ, കലർത്തുന്നത് തടയാൻ മതിയായ മുൻകരുതലുകൾ എടുക്കാൻ വീഴ്ചവരുത്തിയിട്ടില്ലെന്നോ തെളിയിക്കേണ്ട ഭാരം അയാളിൽ ആയിരിക്കുന്നതാണ്.

(ബി) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പദാർത്ഥം കലർത്തിയ മദ്യമോ ലഹരിപിടിപ്പിക്കുന്ന ഔഷധമോ കൈവശം വച്ചിരുന്നതിന് (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു കുററത്തിന് ഒരു വ്യക്തിയെ പ്രോസിക്യൂട്ടുചെയ്യുന്നപക്ഷം, അങ്ങനെയുള്ള പദാർത്ഥം അങ്ങനെയുള്ള മദ്യവുമായിട്ടോ ലഹരിപിടിപ്പിക്കുന്ന ഔഷധവുമായിട്ടോ കലർത്തിയത് അയാൾ അറിഞ്ഞില്ലെന്ന് തെളിയിക്കേണ്ട ഭാരം അയാളിൽ ആയിരിക്കുന്നതാണ്.

57 ബി. <u>നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഉത്തരവ്</u>.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും 57 എ വകുപ്പിൻകീഴിൽ വരുന്ന ഒരു കേസിൽ കോടതി വിധി പുറപ്പെടുവിക്കുമ്പോൾ കോടതിയ്ക്ക്, ഈ ആക്റ്റുപ്രകാരം ലൈസൻസ് കൊടുക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥലത്ത് വിററ മദ്യമോ, ലഹരിപിടിപ്പിക്കുന്ന ഔഷധമോ ഉപയോഗിച്ചതുമൂലം ഏതെങ്കിലും വ്യക്തിക്കോ അഥവാ വ്യക്തികൾക്കോ മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നെങ്കിൽ ആ സ്ഥലത്തെ ലൈസൻസിയോട്, പ്രസ്തുത വകുപ്പുപ്രകാരമുള്ള കുററം അയാളുടെ പേരിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, ന്യായമെന്നു തോന്നുന്ന തുക മരിച്ചയാളിന്റെ നിയമാനുസൃത പ്രതിനിധികൾക്കോ അഥവാ കഠിനമായ ദേഹോപദ്രവമേററിട്ടുള്ള വ്യക്തിക്കോ വ്യക്തികൾക്കോ, നഷ്ടപരിഹാരമായി കൊടുക്കാൻ ഉത്തരവിടാവുന്നതാണ്:

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും വ്യക്തിക്ക് ആ ഉത്തരവിന്റെ തീയതിമുതൽ തൊണ്ണൂറു ദിവസത്തിനകം, ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ (1)-ാം ഉപവകുപ്പുപ്രകാരം കൊടുക്കാൻ ഉത്തരവാകുന്ന തുക, അങ്ങനെയുള്ള ഉത്തരവു പാസ്സാക്കിയ കോടതിയിൽ കെട്ടിവയ്ക്കാത്തപക്ഷം, അങ്ങനെയുള്ള ഒരു അപ്പീലും സ്വീകാര്യമായിരിക്കുന്നതല്ല.

എന്നുമാത്രമല്ല അപ്പീൽ വാദി സമയത്തുതന്നെ, അപ്പീൽ കൊടുക്കാതിരുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യമാകുന്ന പക്ഷം, പ്രസ്തുത തൊണ്ണൂറുദിവസകാലാവധിക്കുശേഷവും ഹൈക്കോടതിക്ക് അപ്പീൽ സ്വീകരിക്കാവുന്നതാണ്".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 1983-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (1983-ലെ 37) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്ത ഏതു പ്രവൃത്തിയും എടുത്ത ഏന്തു നടപടിയും ഈ ആക്റ്റുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1982-ലെ ഓണാഘോഷവേളയിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിലുള്ള വൈപ്പിൻകര ദ്വീപിൽ ഉണ്ടായ അതിദാരുണമായ മദ്യദുരന്തം ധാരാളം പേരുടെ ജീവൻ അപഹരിക്കുകയും, ധാരാളംപേരുടെ കാഴ്ചശക്തി നഷ്ടപ്പെടാൻ ഇടയാക്കുകയും ധാരാളംപേർക്ക് ശാരീരികമായ കഴിവില്ലായ്മ ഉണ്ടാകാൻ ഇടയാക്കുകയും ചെയ്തു. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭരണപരമായ അനേകം നടപടികൾ സംസ്ഥാനസർക്കാർ എടുത്തിട്ടുണ്ട്. മദ്യത്തിൽ മായം ചേർക്കുകയും അത് വിൽക്കുകയും ചെയ്യുന്നതിന് ഉത്തരവാദികളായവരുടെ പേരിൽ കഠിനശിക്ഷ ചുമത്തുന്നതിന് 1077-ലെ 1-ാം അബ്കാരി ആക്റ്റിൽ വ്യതിയാനങ്ങൾ വരുത്തുന്നത് ആവശ്യമാണെന്നു തോന്നി. ഈ ആവശ്യത്തിനുവേണ്ടി രൂപീകരിക്കപ്പെട്ട കമ്മറ്റിയുടെ ശുപാർശകൾ പരിഗണിച്ചശേഷം, സർക്കാർ, അത്തരം ദുരന്തകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ മദ്യത്തിലോ അഥവാ ലഹരിപിടിപ്പിക്കുന്ന ഔഷധത്തിലോ മായം ചേർക്കുന്നതിന് കഠിനമായ ശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്യുന്നതിന് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാൽ, മേൽപ്പറഞ്ഞ ആവശ്യത്തിനുവേണ്ടി 1983-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (1983-ലെ 37), 1983 നവംബർ 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തി. സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റുമൂലം ഈ ഓർഡിനൻസിനു പകരം വയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ഡം

ബില്ല് നിയമമാക്കുകയും നടപ്പിൽവരുത്തുകയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എൻ. ശ്രീനിവാസൻ.

(ശരിത്തർജ്ജമ)

എ. പി. പെരുമാൾ,

നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

Kerala Gazette No. 48 dated 6th December 1983
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 11573/എൽ.എ.4/83. തിരുവനന്തപുരം, 1983 നവംബർ 24.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,

സെക്രട്ടറി,
നിയമസഭ.

1983-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ

1865-ലെ മദിരാശി ജലസേചന വരി ആക്ററും 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്ററും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1865-ലെ മദിരാശി ജലസേചന വരി ആക്ററും 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്ററും അവ കേരള സംസ്ഥാനത്തു ബാധകമാകുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ററിന് 1983-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ആക്ററ് എന്നു പേർ പറയാം.

(2) ഇത് 1983 സെപ്ററംബർ 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 1865-ലെ VII-ാം മദിരാശി ആക്ററിന്റെ ഭേദഗതി.—1956-ലെ സംസ്ഥാന പുനസ്സംഘടന ആക്ററിലെ (1956-ലെ 37-ാം കേന്ദ്ര ആക്ററ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന പ്രകാരമുള്ള 1865-ലെ മദിരാശി ജലസേചന വരി ആക്ററിലെ (1865-ലെ VII-ാം മദിരാശി ആക്ററ്) 2-ാം വകുപ്പ് ആ വകുപ്പിലെ (1)-ാം ഉപവകുപ്പായി വീണ്ടും അക്കമിടേണ്ടതും—

(എ) അപ്രകാരം വീണ്ടും അക്കമിടപ്പെട്ട (1)-ാം ഉപവകുപ്പിൽ, ''ഈ ആക്ററു പ്രകാരം നൽകേണ്ട വെള്ളക്കരം'' എന്ന വാക്കുകൾക്കുശേഷം ''അതിൻമേൽ നൽകേണ്ടതായ പലിശയോടുകൂടി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) അപ്രകാരം വീണ്ടും അക്കമിടപ്പെട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(2) ഈ ആക്ററുപ്രകാരം നൽകേണ്ട വെള്ളക്കരക്കുടിശ്ശികയ്ക്ക് വർഷത്തിൽ നാലുശതമാനം നിരക്കിൽ പലിശ ഉണ്ടായിരിക്കുന്നതാണ്.''

3. 1947-ലെ VII-ാം മദിരാശി ആക്റ്റിന്റെ ഭേദഗതി.—1956-ലെ സംസ്ഥാന പുനസ്സംഘടന ആക്റ്റിലെ (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന പ്രകാരമുള്ള 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്റ്റ് 13-ാം വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി വീണ്ടും അക്കമിടേണ്ടതും—

(എ) അപ്രകാരം വീണ്ടും അക്കമിടപ്പെട്ട (1)-ാം ഉപവകുപ്പിൽ "ഏതെങ്കിലും ആൾ നൽകേണ്ട വെള്ളക്കരം" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും ആൾ നൽകേണ്ട വെള്ളക്കരവും അതിൻമേൽ നൽകേണ്ടതായ പലിശയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) അപ്രകാരം വീണ്ടും അക്കമിടപ്പെട്ട (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

"(2) ഈ ആക്റ്റുപ്രകാരം നൽകപ്പെടേണ്ട വെള്ളക്കരക്കുടിശ്ശികയ്ക്കു വർഷത്തിൽ നാലുശതമാനം നിരക്കിൽ പലിശ ഉണ്ടായിരിക്കുന്നതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 1983-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1983-ലെ 33) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽകൂടി, പ്രസ്തുത ഓർഡിനൻസു മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 1865-ലെ മദിരാശി ജലസേചന വരി ആക്റ്റ് (1865-ലെ VII-ാം മദിരാശി ആക്റ്റ്) പ്രകാരമോ 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരിചുമത്തലും) ആക്റ്റ് (1947-ലെ VII-ാം മദിരാശി ആക്റ്റ്) പ്രകാരമോ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അതതുസംഗതിപോലെ, ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 1865-ലെ മദിരാശി ജലസേചന വരി ആക്റ്റ് പ്രകാരമോ 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരിചുമത്തലും) ആക്റ്റു പ്രകാരമോ ചെയ്തിട്ടുള്ളതായോ എടുത്തിട്ടുള്ളതായോ കരുതേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

ജലസേചന വരിചുമത്തുന്നതു വ്യവസ്ഥചെയ്യുന്നതിന് കേരള സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ.

(എ) സംസ്ഥാനത്ത് തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് ബാധകമായിട്ടുള്ള 1956-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ആക്റ്റും;

(ബി) സംസ്ഥാനത്ത് മലബാർ പ്രദേശത്ത് ബാധകമായിട്ടുള്ള 1865-ലെ മദിരാശി ജലസേചന വരി ആക്റ്റും 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്റ്റും ആണ്.

2. 1956-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ആക്റ്റ് 15-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം വൻകിട ജലസേചനപദ്ധതികൾ കൊണ്ട്

പ്രയോജനം സിദ്ധിച്ചിട്ടുള്ള ഭൂമികൾക്ക് വർഷത്തിൽ നാലു ശതമാനം നിരക്കിൽ വരിക്കുടിശ്ശികയിൻമേൽ പലിശ വസൂലാക്കുന്നതിന് വ്യവസ്ഥചെയ്യുന്നു. എന്നാൽ 1947-ലെ മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്റ്റു പ്രകാരമോ 1865-ലെ മദിരാശി ജലസേചന വരി ആക്റ്റ് പ്രകാരമോ ചുമത്തിയിട്ടുള്ള വെള്ളക്കരത്തിന്റെ കുടിശ്ശികയിൻ മേലുള്ള പലിശ ഈടാക്കുന്നതിന് യാതൊരു വ്യവസ്ഥയും ഇല്ല. അതിനാൽ, ആ നിയമങ്ങൾ പ്രകാരം ചുമത്തിയിട്ടുള്ള വെള്ളക്കരക്കുടിശ്ശികയിൻമേൽ വർഷത്തിൽ നാലു ശതമാനം നിരക്കിൽ പലിശ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി 1865-ലെ മദിരാശി ജലസേചന വരി ആക്റ്റും മലബാർ ജലസേചനപ്പണികൾ (നിർമ്മാണവും വരി ചുമത്തലും) ആക്റ്റും ഭേദഗതി ചെയ്യുന്നത് ആവശ്യമാണെന്ന് കരുതി.

3. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും സംഗതി അടിയന്തിര സ്വഭാവത്തോടുകൂടിയതായിരുന്നതിനാലും 1983 സെപ്റ്റംബർ 23-ാം തീയതി 1983-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1983-ലെ 33) ഗവർണ്ണർ വിളംബരപ്പെടുത്തുകയും 1983 സെപ്റ്റംബർ 24-ാം തീയതിയിലെ കേരള അസാധാരണ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. നിയമസഭയുടെ ഒരു ആക്റ്റുമൂലം ഈ ഓർഡിനൻസിനു പകരം വയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ച്ചെലവും ഉണ്ടാകുന്നതല്ല.

എം. പി. ഗംഗാധരൻ.

(ശരിത്തർജ്ജമ)

എ. പി. പെരുമാൾ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

Kerala Gazette No. 48 dated 6th December, 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 11451/എൽ. എ. 4 എ/83. തിരുവനന്തപുരം, 1983 നവംബർ 18.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധന കാര്യമെമ്മോറാണ്ഡത്തോടും ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രകാശൻ,
നിയമസഭാ സെക്രട്ടറി.

1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ

1968-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1968-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യേണ്ടത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—ഈ ആക്റ്റിന് 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ആക്റ്റ്, എന്നു പേർ പറയാം.

(2) ഇത് 1983 ഫെബ്രുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1968-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ആക്റ്റ് (1968-ലെ 25) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (1) (എ) എന്ന ഖണ്ഡം (എഎഎ) എന്ന് മാററി എഴുതേണ്ടതും ആ ഖണ്ഡത്തിനു മുമ്പായി താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "കമ്പനി" എന്നാൽ, അടച്ചുതീർത്ത ഓഹരി മൂലധനത്തിന്റെ അൻപത്തൊന്നു ശതമാനത്തിൽ കുറയാതെ കേരള സർക്കാരോ അഥവാ കേന്ദ്ര സർക്കാരും കേരളസർക്കാരും സംയുക്തമായോ എടുത്തിട്ടുള്ള ഒരു കമ്പനി എന്നർത്ഥമാകുന്നതും, അങ്ങനെയുള്ള ഏതെങ്കിലും കമ്പനിയുടെ ഒരു സഹായക കമ്പനി (സബ്സിഡിയറി കമ്പനി) ഉൾപ്പെടുന്നതുമാകുന്നു.

(എഎ) "കോർപ്പറേഷൻ" എന്നാൽ ഏതെങ്കിലും കേന്ദ്ര ആക്റ്റിനാലോ അതിൻകീഴിലോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന ആക്റ്റിനാലോ അതിൻകീഴിലോ സ്ഥാപിക്കുകയോ രൂപീകരിക്കുകയോ ചെയ്തിട്ടുള്ളതും കേരള സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതുമായ ഒരു കോർപ്പറേഷൻ എന്നർത്ഥമാകുന്നു;"

(2) (ഡി) എന്ന ഖണ്ഡത്തിലെ പ്രാരംഭ ഖണ്ഡികയിൽ "അഥവാ ഒരു പ്രാദേശികാധികാരസ്ഥാനം" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ ഒരു കമ്പനി അല്ലെങ്കിൽ ഒരു കോർപ്പറേഷൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 3-ാം വകുപ്പിൽ (എ) എന്ന ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയ്ക്കുപകരം, താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ—

(i) ഒരു പ്രാദേശികാധികാരസ്ഥാനത്തിന്റെ കാര്യത്തിൽ, ആ പ്രാദേശികാധികാരസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അധികാരിയേയും;

(ii) ഒരു കമ്പനിയുടെയോ അഥവാ ഒരു കോർപ്പറേഷന്റെയോ കാര്യത്തിൽ, ആ കമ്പനിയുടെ അഥവാ കോർപ്പറേഷന്റെ ഒരു ഉദ്യോഗസ്ഥനേയും എസ്റ്റേറ്റ് ആഫീസറായി നിയമിക്കേണ്ടതാണ്;"

4. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 6-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, "അഥവാ ആ പ്രാദേശികാധികാരസ്ഥാനമോ" എന്ന വാക്കുകൾക്കുശേഷം "അഥവാ ആ കമ്പനിയോ കോർപ്പറേഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 12-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, "അഥവാ ഒരു പ്രാദേശികാധികാരസ്ഥാനത്തിന്" എന്ന വാക്കുകൾക്കു പകരം "അഥവാ ഒരു പ്രാദേശികാധികാരസ്ഥാനമോ ഒരു കമ്പനിയോ ഒരു കോർപ്പറേഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 13-ാം വകുപ്പിൽ, "അഥവാ ഒരു പ്രാദേശികാധികാരസ്ഥാനത്തിന്" എന്ന വാക്കുകൾക്കു പകരം "അഥവാ ഒരു പ്രാദേശികാധികാരസ്ഥാനമോ ഒരു കമ്പനിയോ അഥവാ ഒരു കോർപ്പറേഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 14-ാം വകുപ്പിൽ, "അഥവാ ആ പ്രാദേശികാധികാരസ്ഥാനമോ" എന്ന വാക്കുകൾക്കുശേഷം, "അഥവാ ആ കമ്പനിയോ കോർപ്പറേഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 17-ാം വകുപ്പിൽ, "അഥവാ ഒരു പ്രാദേശികാധികാരസ്ഥാനമോ" എന്ന വാക്കുകൾക്കുശേഷം, "അഥവാ ഒരു കമ്പനിയോ ഒരു കോർപ്പറേഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. റദ്ദാക്കലും ഒഴിവാക്കലും.—(1) 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1983-ലെ 27), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതോ ചെയ്തതായി കരുതിയതോ ആയ ഏതെങ്കിലും സംഗതിയോ അഥവാ എടുത്തതോ എടുത്തതായി കരുതിയതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1968-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ആക്റ്റ്, പൊതുകെട്ടിടങ്ങളിൽ നിന്ന് അനധികൃത കൈവശക്കാരെ ഒഴിപ്പിക്കുന്നതിന് വ്യവസ്ഥചെയ്യുന്നു. ആ ആക്റ്റിന്റെ 2-ാം വകുപ്പ് (ഡി) എന്ന ഖണ്ഡത്തിൽ നിർവചിച്ച പ്രകാരമുള്ള ''പൊതു കെട്ടിടം'' എന്ന പ്രയോഗത്തിൽ സർക്കാരിന്റെയോ ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥതയിലുള്ളതോ അഥവാ അവയോ അവർക്കു വേണ്ടിയോ പാട്ടത്തിനു എടുത്തതോ അല്ലെങ്കിൽ ആവശ്യപ്പെട്ടതോ ആയ കെട്ടിടങ്ങൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ. കേരള സംസ്ഥാന ചെറുകിട വ്യവസായ (വികസനവും തൊഴിലും) കോർപ്പറേഷൻ ക്ലിപ്തം, ആ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ കൂടി ''പൊതുകെട്ടിടം'' എന്ന പ്രയോഗത്തിന്റെ നിർവചനത്തിലുള്ള പരിധിക്കുള്ളിൽ കൊണ്ടുവരണമെന്നും ആ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഷെഡ്ഡുകളിലെ അനധികൃത കൈവശക്കാരെ വേഗത്തിൽ ഒഴിപ്പിക്കുന്നതിനുവേണ്ടി ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്താൻ കോർപ്പറേഷനെ പ്രാപ്തമാക്കുന്നതിനുവേണ്ടി കോർപ്പറേഷനിലെ ഉദ്യോഗസ്ഥന്മാർക്ക്, ഈ ആക്റ്റ് പ്രകാരം എസ്റ്റേറ്റ് ആഫീസർക്കുള്ള അധികാരങ്ങൾ നൽകണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. കേരള സംസ്ഥാന ചെറുകിട വ്യവസായ (വികസനവും തൊഴിലും) കോർപ്പറേഷൻ ക്ലിപ്തത്തിന്റെയും സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള മറ്റ് കമ്പനികളുടെയും, കോർപ്പറേഷനുകളുടെയും, ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്ന് അനധികൃത കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ടി ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ബാധകമാക്കണമെന്നു കരുതി. ആ കമ്പനികളുടെയും കോർപ്പറേഷനുകളുടെയും സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് അത് ആവശ്യമായിരുന്നു. ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി, ഒരു കമ്പനിയുടെയോ അല്ലെങ്കിൽ കോർപ്പറേഷന്റെയോ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അതതുസംഗതിപോലെ ആ കമ്പനിയുടെ അല്ലെങ്കിൽ കോർപ്പറേഷന്റെ ഒരു ഉദ്യോഗസ്ഥനെ എസ്റ്റേറ്റ് ആഫീസറായി നിയമിക്കുന്നതിന് വ്യവസ്ഥചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതപ്പെട്ടു.

3. നിയമസഭ സമ്മേളനത്തിലല്ലായിരുന്നതിനാലും, സത്വര നടപടികൾ എടുക്കേണ്ടത് ആവശ്യമാണെന്ന് കരുതിയതിനാലും, മേല്പറഞ്ഞ ആവശ്യങ്ങൾക്കുവേണ്ടി 1983 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1983-ലെ 4) വിളംബരപ്പെടുത്തി. നിയമസഭയുടെ ഒരു ആക്റ്റുമൂലം പ്രസ്തുത ഓർഡിനൻസിനു പകരം വയ്ക്കുന്നതിനുള്ള ഒരു ബിൽ

പ്രസിദ്ധീകരിച്ചെങ്കിലും 1983 ഫെബ്രുവരി 25-ാം തീയതി ആരംഭിച്ച് 1983 മാർച്ച് 20-ാം തീയതി അവസാനിച്ച നിയമസഭാസമ്മേളനത്തിൽ അത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിന്റെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനുവേണ്ടി ഗവർണ്ണർ 1983 ഏപ്രിൽ 4-ാം തീയതി 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1983-ലെ 14) വിളംബരപ്പെടുത്തി. നിയമസഭയുടെ ഒരു ആക്ററുമൂലം 1983-ലെ 14-ാം ഓർഡിനൻസിനു പകരം വയ്ക്കുന്നതിനുള്ള ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും 1983 ജൂൺ 20-ാം തീയതി ആരംഭിച്ച് 1983 ആഗസ്ററ് 4-ാം തീയതി അവസാനിച്ച നിയമസഭാസമ്മേളനത്തിൽ അത് അവതരിപ്പിക്കുന്നതിനും പാസാക്കുന്നതിനും കഴിഞ്ഞില്ല. 1983-ലെ 14-ാം ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 1983 ആഗസ്ററ് 20-ാം തീയതി ഗവർണ്ണർ 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് വിളംബരപ്പെടുത്തി. നിയമസഭയുടെ ഒരു ആക്ററുമൂലം 1983-ലെ 27-ാം ഓർഡിനൻസിനു പകരം വയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ഡം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡം

ഈ ആക്ററിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഒരു കമ്പനിയുടേയോ അല്ലെങ്കിൽ ഒരു കോർപ്പറേഷന്റേയോ കാര്യത്തിൽ ആ കമ്പനിയിലേയോ അല്ലെങ്കിൽ കോർപ്പറേഷനിലേയോ ഒരു ഉദ്യോഗസ്ഥനെ സർക്കാർ എസ്റേററ് ആഫീസറായി നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നതിനുവേണ്ടി ആക്ററിന്റെ 3-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 3-ാം ഖണ്ഡം.

മേല്പറഞ്ഞ സംഗതി ഭരണപരമായ സ്വഭാവത്തോടുകൂടിയതാണ്. ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം അതുകൊണ്ട് സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. അവുക്കാദർകുട്ടി നഹ

(ശരിതർജ്ജമ)

എ. പി. പെരുമാൾ,

അഡീഷണൽ സെക്രട്ടറി,

ലാ ഡിപ്പാർട്ടുമെന്റ്.

Kerala Gazette No. 48 dated 6th December, 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 11176/എൽ.എ 4എ/83. തിരുവനന്തപുരം, 1983 നവംബർ 8.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള മുനിസിപ്പാലിറ്റികൾ (ഭേദഗതി) ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും, ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

1983-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ബിൽ

1960-ലെ കേരള മുനിസിപ്പാലിററി ആക്ററ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള മുനിസിപ്പാലിററി ആക്ററ് താഴെ കാണുന്ന ആവശ്യത്തിനുവേണ്ടി വീണ്ടും ഭേദഗതിചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ററിന് 1983-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ആക്ററ് എന്നു പേർ പറയാം.

(2) ഇത് 1982 സെപ്ററംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 412-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള മുനിസിപ്പാലിററി ആക്ററ് (1961-ലെ 14) (ഇതിനുശേഷം പ്രധാന ആക്ററ് എന്നാണ് പരാമർശിക്കപ്പെടുക) 412-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, ''നാൽപത്തിയഞ്ചു മാസം'', എന്ന വാക്കുകൾക്കുപകരം ''എഴുപത്തിരണ്ടുമാസം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 1983-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ഓർഡിനൻസ് (1983-ലെ 24) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്ററുപ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഗതിയോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ററുമൂലം ഭേദഗതിചെയ്ത പ്രകാരമുള്ള പ്രധാന ആക്ററുപ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതേണ്ടതാണ്.

ഉദ്ദേശ കാരണങ്ങളുടെ വിവരണം.

1960-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 412-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം, പുതുതായി രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റിക്കു വേണ്ടി നിയമിക്കപ്പെട്ട സ്പെഷ്യൽ ആഫീസർ, പ്രസ്തുത ആക്റ്റ് 4-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം പ്രസ്തുതപ്രദേശം ഒരു മുനിസിപ്പാലിറ്റി ആയി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രാബല്യത്തിൽ വന്ന തീയതി മുതൽ ആറുമാസത്തിനകമുള്ള ഒരു ദിവസമോ, അഥവാ സർക്കാർ ഇതിലേക്കായി ഗസററു വിജ്ഞാപനംവഴി പ്രത്യേകം പറഞ്ഞിട്ടുള്ള, നാൽപ്പത്തിയഞ്ചുമാസത്തിൽ കവിയാത്ത അപ്രകാരമുള്ള കൂടുതൽ സമയത്തിനകമോ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ സ്ഥാനം വഹിക്കാൻ കഴിയത്തക്കവിധം തെരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 1978 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം മഞ്ചേരിയും കോതമംഗലവും മുനിസിപ്പാലിറ്റികൾ രൂപീകരിച്ചു. പ്രസ്തുത മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ, 412-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകൾ സ്ഥാനമേൽക്കേണ്ട പരമാവധി കാലാവധിയായ നാൽപ്പത്തിയഞ്ചുമാസം 31-12-1981-ൽ അവസാനിച്ചു. സർക്കാർ, പ്രസ്തുത ആക്റ്റ് 412-ാം വകുപ്പു (2)-ാം ഉപവകുപ്പുപ്രകാരം കാലാകാലങ്ങളിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് പ്രസ്തുത മുനിസിപ്പാലിറ്റികളിലേയ്ക്കുള്ള കൗൺസിലർമാരുടെ തെരഞ്ഞെടുപ്പ് 1981 ഡിസംബർ 31-ാം തീയതി വരെ നീട്ടിവെച്ചു. അവസാന സെൻസസ് കണക്കുകൾ ലഭ്യമാകുന്ന കാലംവരെ പ്രസ്തുത മുനിസിപ്പാലിറ്റികളിലേയ്ക്കുള്ള കൗൺസിലർമാരുടെ തെരഞ്ഞെടുപ്പുകൾ വീണ്ടും നീട്ടിവയ്ക്കാൻ തീരുമാനിച്ചതിൻപ്രകാരം പ്രസ്തുത നാൽപ്പത്തിയഞ്ചുമാസത്തിനുപകരം അൻപത്തിനാലുമാസം എന്നു ചേർത്തുകൊണ്ട് 1981-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1981-ലെ 6) മൂലം 412-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തു. അതനുസരിച്ച്, പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ കൗൺസിലുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതായ കാലാവധി 30-9-1982 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു. പ്രസ്തുത ഓർഡിനൻസിനു പകരം വയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 1981-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും, സമയക്കുറവുമൂലം ആറാം കേരള നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുന്നതിനും നിയമസഭ പിരിച്ചുവിടുന്നതിനുമുൻപ് പാസ്സാക്കുന്നതിനും സാധിച്ചില്ല. അതിനാൽ 11-3-1982-ൽ, അതായത് ഓർഡിനൻസ് വിളംബരപ്പെടുത്തിയതിനുശേഷമുള്ള നിയമസഭയുടെ പുനർസമ്മേളനം മുതൽ ആറാഴ്ച കഴിഞ്ഞപ്പോൾ, ഓർഡിനൻസ് ലാപ്സാവുകയും ഓർഡിനൻസുമൂലം വരുത്തിയ ഭേദഗതിക്ക് പ്രാബല്യം നഷ്ടപ്പെടുകയും ചെയ്തു.

2. മഞ്ചേരി, കോതമംഗലം എന്നീ മുനിസിപ്പാലിറ്റികളുടെ സംഗതിയിലെന്നപോലെതന്നെ, ആക്റ്റിന്റെ 412-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നാൽപ്പത്തിയഞ്ചുമാസക്കാലാവധി, തൊടുപുഴ മുനിസിപ്പാലിറ്റിയുടെ സംഗതിയിൽ 31-5-1982-ലും, പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ സംഗതിയിൽ 30-6-1982-ലും അവസാനിച്ചു.

3. മഞ്ചേരി മുനിസിപ്പാലിറ്റി കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് പിന്നീട് നടത്തുകയുണ്ടായി. കോതമംഗലം, തൊടുപുഴ, പത്തനംതിട്ട

എന്നീ മുനിസിപ്പാലിറ്റികളിലെ കൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പ്
വീണ്ടും കൂടുതൽ കാലത്തേക്ക് മാറ്റിവയ്ക്കാൻ സർക്കാർ തീരുമാനിച്ചു.
എങ്ങിനെയായാലും ആ മുനിസിപ്പാലിറ്റികളിലെ കൗൺസിലുകളിലേക്കുള്ള
തിരഞ്ഞെടുപ്പ്, കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 412-ാം വകുപ്പ്
(2)-ാം ഉപവകുപ്പ് ഭേദഗതിചെയ്യാതെ 1982 സെപ്റ്റംബർ 30-ാം തീയതിക്കു
ശേഷം വീണ്ടും നീട്ടിവയ്ക്കുവാൻ സാധിക്കുന്നതല്ല.

4. നിയമസഭ സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും ഈ സംഗതിക്കു
വേണ്ടി നിയമസഭയുടെ അടുത്ത സമ്മേളനംവരെ കാത്തിരിക്കാൻ കഴിയാത്ത
തിനാലും മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യം നിറവേറ്റുന്നതിനു
വേണ്ടി 1982 സെപ്റ്റംബർ 30-ാം തീയതി ഗവർണ്ണർ 1982-ലെ കേരള
മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1982-ലെ 2) വിളംബര
പ്പെടുത്തി.

5. നിയമസഭയുടെ ഒരു ആക്റ്റുമൂലം പ്രസ്തുത ഓർഡിനൻസിനു
പകരംവയ്ക്കുന്നതിനുള്ള ഒരു ബിൽ ഗസറ്റിൽ പ്രസിദ്ധപ്പെടു
ത്തിയിരുന്നു. എന്നാൽ സമയക്കുറവുമൂലം 1983 ഫെബ്രുവരി 25-ാം
തീയതി ആരംഭിച്ച് 1983 മാർച്ച് 30-ാം തീയതി അവസാനിച്ച നിയമ
സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാ
ക്കുന്നതിനും സാധിച്ചില്ല. അതിനാൽ പ്രസ്തുത ഓർഡിനൻസിന്റെ
പ്രാബല്യം 1983 ഏപ്രിൽ 7-ാം തീയതി, അതായത്, ഓർഡിനൻസ്
വിളംബരപ്പെടുത്തിയതിനുശേഷമുള്ള നിയമസഭയുടെ പുനർസമ്മേളനം മുതൽ
ആറാഴ്ച കഴിഞ്ഞപ്പോൾ, നഷ്ടപ്പെടുമായിരുന്നു.

6. പ്രസ്തുത ഓർഡിനൻസുമൂലം വരുത്തിയ ഭേദഗതി സജീവ
മായി നിലനിർത്തേണ്ടത് ആവശ്യമാണെന്ന് കരുതുകയും അതിനാൽ ഗവർണ്ണർ
1983 ഏപ്രിൽ 6-ാം തീയതി 1983-ലെ കേരള മുനിസിപ്പാലിറ്റി
(ഭേദഗതി) ഓർഡിനൻസ് (1983-ലെ 10) വിളംബരപ്പെടുത്തുകയും, 1983
ഏപ്രിൽ 7-ാം തീയതിയിലെ 411-ാം നമ്പർ അസാധാരണ കേരള ഗസറ്റിൽ
പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 1983 ജൂൺ 20-ാം തീയതി ആരംഭിച്ചതും 1983 ആഗസ്റ്റ്
4-ാം തീയതി അവസാനിച്ചതുമായ നിയമസഭയുടെ സമ്മേളനകാലത്ത് നിയമ
സഭയുടെ ഒരു ആക്റ്റുമൂലം 1983-ലെ 10-ാം ഓർഡിനൻസിനുപകരം
വയ്ക്കുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുകയുണ്ടായി. ബിൽ ബന്ധ
പ്പെട്ട സബ്ജക്റ്റ് കമ്മിറ്റിക്ക് വിടുകയും സബ്ജക്റ്റ് കമ്മിറ്റി
നിയമസഭയുടെ മുൻപാകെ അതിന്റെ റിപ്പോർട്ട് വയ്ക്കുകയും ചെയ്തു.
എങ്ങിനെയായാലും നിയമസഭയ്ക്ക് അതിന്റെ സമ്മേളനകാലത്ത് സബ്
ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബിൽ പരിഗണനയ്ക്കായി
എടുക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. അതിനാൽ 1983
ആഗസ്റ്റ് 1-ാം തീയതി പ്രസ്തുത ഓർഡിനൻസ് ലാപ്സായി.

8. 1983-ലെ 10-ാം ഓർഡിനൻസുമൂലം വരുത്തിയ ഭേദഗതി സജീവ
മായി നിലനിർത്തേണ്ടത് ആവശ്യമാണെന്ന് കരുതുകയും അതിനാൽ ഗവർണ്ണർ
1983 ആഗസ്റ്റ് 20-ാം തീയതി 1983-ലെ കേരള മുനിസിപ്പാലിറ്റി
(ഭേദഗതി) ഓർഡിനൻസ് (1983-ലെ 24) വിളംബരപ്പെടുത്തുകയും 1983
ആഗസ്റ്റ് 20-ാം തീയതിയിലെ 908-ാം നമ്പർ അസാധാരണ കേരള ഗസറ്റിൽ

പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റുമൂലം 1983-ലെ 24-ാം ഓർഡിനൻസിനുപകരം വയ്ക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

സി. എം. സുന്ദരം.

(ശരിതർജ്ജമ)

എ. പി. പെരുമാൾ,
അഡീഷണൽ ലാ സെക്രട്ടറി.

Kerala Gazett No. 48 dated 6th December, 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ. 11526/എൽ.എ.4എ/83. തിരുവനന്തപുരം, 1983 നവംബർ 24.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം, 1983-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ഡത്തോടും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
സെക്രട്ടറി,
നിയമസഭ.

1983-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

1958-ലെ കേരള വിദ്യാഭ്യാസ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു
ബിൽ

പീഠിക.—1958-ലെ കേരള വിദ്യാഭ്യാസ ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—ഈ ആക്ടിന് 1983-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ആക്ട് എന്നു പേർ പറയാം.

(2) ഇത് 1982 ഒക്ടോബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 36-ാം വകുപ്പിന്റെ ഭേദഗതി.—1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959-ലെ 6) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 36-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ''സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്'' എന്ന വാക്കുകൾക്കുപകരം ''സർക്കാരിന്, പിൽക്കാലപ്രാബല്യത്തോടോ അല്ലെങ്കിൽ മുൻകാലപ്രാബല്യത്തോടോ ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.''

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 1983-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് (1983-ലെ 25) ഇതിനാൽ റദ്ദാക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽകൂടി പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്ടുമൂലം ചെയ്തതോ അല്ലെങ്കിൽ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഗതിയോ എടുത്തതോ അല്ലെങ്കിൽ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസുമൂലം ഭേദഗതിചെയ്തപ്രകാരമുള്ള പ്രധാന ആക്ററുമൂലം ചെയ്തിട്ടുള്ളതായോ എടുത്തിട്ടുള്ളതായോ കരുതപ്പെടേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

എയിഡഡ് സ്കൂളുകളിലെ സ്റ്റാഫംഗങ്ങൾക്ക് അതേ വിഭാഗത്തിൽപ്പെട്ട സർക്കാർ സർവ്വീസിലുള്ളവർക്കു ബാധകമാകുന്ന അതേ സേവനവ്യവസ്ഥകൾ ബാധകമാകുന്നതും അവർക്കു നൽകപ്പെടുന്ന അതേ വേതനം നൽകിവരികയും ചെയ്യുന്നു. സർക്കാർ സർവ്വീസിലെ, അതുപോലുള്ള ഉദ്യോഗസ്ഥൻമാർക്ക് സൗജന്യങ്ങളോ ആനുകൂല്യങ്ങളോ അനുവദിക്കുമ്പോൾ, എയിഡഡ് സ്കൂളുകളിലെ ഉദ്യോഗസ്ഥൻമാർക്കുകൂടി അവ നൽകുന്നതിനുവേണ്ടി, കാലാകാലങ്ങളിൽ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടാകുന്നു. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് ചില നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. അത് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഒഴിവാക്കാൻ കഴിയാത്ത കാലതാമസം ഉണ്ടാക്കുന്നു. കേരള വിദ്യാഭ്യാസം ആക്ടിൽ പൂർവ്വകാലപ്രാബല്യത്തോടെ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് യാതൊരു വ്യവസ്ഥയും ഇല്ലാത്തതിനാൽ, ചട്ടങ്ങൾക്കുള്ള ഭേദഗതികൾ പിൽക്കാലപ്രാബല്യത്തോടുകൂടിമാത്രം ഉണ്ടാക്കുവാൻ കഴിയുന്നതും അതുകൊണ്ട് സർക്കാർ സർവ്വീസിലെ അതുപോലുള്ള വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നല്കുന്ന ആനുകൂല്യങ്ങൾ എയിഡഡ് സ്കൂളുകളിലെ ഉദ്യോഗസ്ഥൻമാർക്കു പിൻകാലപ്രാബല്യത്തോടുകൂടി മാത്രമേ, ബാധകമാക്കാൻ കഴിയുകയുള്ളു. ഇത് എയിഡഡ് സ്കൂളുകളിലെ ജീവനക്കാരിൽനിന്നും മാനേജ്മെൻറിൽനിന്നും ഉള്ള വിമർശനങ്ങൾക്ക് കാരണമാകുന്നു. അതുകൊണ്ട് പിൽക്കാലപ്രാബല്യത്തോടെയോ മുൻകാലപ്രാബല്യത്തോടെയോ അതിൻകീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനായി 1958-ലെ കേരള വിദ്യാഭ്യാസം ആക്റ്റ് 36-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്നു കരുതപ്പെട്ടു.

2. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മുകളിൽ പറഞ്ഞ നിർദ്ദേശത്തിന് ഉടൻതന്നെ പ്രാബല്യം നല്കേണ്ടതുള്ളതിനാലും 1982 ഒക്ടോബർ 11-ാം തീയതി, 1982-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് (1982-ലെ 3) ഗവർണ്ണർ വിളംബരപ്പെടുത്തി. നിയമസഭയുടെ ഒരു ആക്റ്റുമൂലം പ്രസ്തുത ഓർഡിനൻസിനു പകരം വയ്ക്കുന്നതിനുള്ള ഒരു ബിൽ, 1983 ഫെബ്രുവരി 25-ാം തീയതി ആരംഭിച്ച് 1983 മാർച്ച് 30-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുകയും ബന്ധപ്പെട്ട സബ്ജക്റ്റു കമ്മിറ്റിക്ക് റഫർ ചെയ്യുകയും ചെയ്തു. സബ്ജക്റ്റ് കമ്മിറ്റി അതിന്റെ റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ, സബ്ജക്റ്റു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബിൽ പരിഗണനയിൽ എടുക്കുന്നതിനും പാസ്സാക്കുന്നതിനും നിയമസഭയ്ക്കു സാധിച്ചില്ല. പ്രസ്തുത ഓർഡിനൻസിന്റെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി, 1983-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് (1983-ലെ 12), 1983 ഏപ്രിൽ 6-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തി. 1983-ലെ 12-ാം ഓർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ, 1983 ജൂൺ 20-ാം തീയതി ആരംഭിച്ച് 1983 ആഗസ്റ്റ് 4-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനകാലത്ത് ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. അതിനാൽ, 1983 ആഗസ്റ്റ് 1-ാം തീയതി ഈ ഓർഡിനൻസ് പ്രാബല്യത്തിൽ ഇല്ലാതായി.

3. 1983-ലെ 12-ാം ഓർഡിനൻസുമൂലം ഉണ്ടാക്കിയ ഭേദഗതികൾ നിലനിറുത്തേണ്ടത് ആവശ്യമാണെന്ന് കരുതപ്പെടുകയും അതനുസരിച്ച്

1983–ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് (1983–ലെ 25). 1983 ആഗസ്റ്റു 20–ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 1983 ആഗസ്റ്റു 20–ാം തീയതിയിലെ 909–ാം നമ്പർ അസാധാരണ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 1983–ലെ 25–ാം ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ററ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ഈ ഭേദഗതി ബിൽ നിയമമായിത്തീരുമ്പോൾ, സർക്കാരിന് പൂർവ്വകാല പ്രാബല്യത്തോടെ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരം ലഭിക്കും. ഈ ഭേദഗതി ബിൽ ഒരു ആക്ററായി നിയമമാക്കുന്നതുകൊണ്ടുമാത്രം സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ പ്രധാന ആക്ററ് 36–ാം വകുപ്പുമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പൂർവ്വകാല പ്രാബല്യത്തോടെ ചട്ടങ്ങൾ ഉണ്ടാക്കുമ്പോഴോ അല്ലെങ്കിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുമ്പോഴോ കുറച്ച് ചെലവും നേരിട്ടേയ്ക്കാവുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ചെലവ് ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുകയില്ല.

ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡം

ബില്ലിലെ 2–ാം ഖണ്ഡം സർക്കാരിനെ പില്ക്കാല പ്രാബല്യത്തോടെയോ പൂർവ്വകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരപ്പെടുത്തുന്നു. പൂർവ്വകാല പ്രാബല്യത്തോടെ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്, കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമായിരിക്കുന്നതുമാണ്. നിയമനിർമ്മാണാധികാരം ഏല്പിച്ചുകൊടുക്കൽ, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ററി. എം. ജേക്കബ്.

(ശരിത്തർജ്ജമ)

എ. പി. പെരുമാൾ,
അഡീഷണൽ ലാ സെക്രട്ടറി.